# അവസാനമായി രണ്ട് കാര്യങ്ങൾ

| | |
|---|---|
| ഗ്രന്ഥകർത്താവ്: | ശൈഖ് സഅദ് ബിൻ നാസ്വിർ അശ്ശഥ്രി |
| ഗ്രന്ഥം: | ആറാഉസ്സ്വൂഫിയ്യ ഫീ അർകാനിൽ ഈമാൻ |
| വിവർത്തകൻ: | ശമീർ മദീനി |

അവസാനമായി സൂഫികളോട് രണ്ട് കാര്യങ്ങൾ ഞാൻ സൂചിപ്പിക്കട്ടെ;

**ഒന്ന്**: തൗബയുടെ വാതിലുകൾ തുറന്നു കിടക്കുകയാണ്. ലോകരക്ഷിതാവായ അല്ലാഹു അതിലേക്ക് നമ്മെ വിളിക്കുന്നു.

.... وَتُوبُوٓاْ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴿٣١﴾

''സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനു വേണ്ടി''. (24:31)

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ تُوبُوٓاْ إِلَى ٱللَّهِ تَوْبَةً نَّصُوحًا ....

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈകൊണ്ട് മടങ്ങുക''. (66:8)

തൗബ അതിനു മുമ്പുള്ള പാപങ്ങളെ തുടച്ചുനീക്കും. അല്ലാഹു പറയുന്നു:

قُلْ يَـٰعِبَادِىَ ٱلَّذِينَ أَسْرَفُواْ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُواْ مِن رَّحْمَةِ ٱللَّهِ ۚ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥٣﴾

وَأَنِيبُوٓاْ إِلَىٰ رَبِّكُمْ وَأَسْلِمُواْ لَهُۥ مِن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ ﴿٥٤﴾

''പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച്പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിന് ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല.'' (39:53,54)

സത്യനിഷേധം (കുഫ്ർ) ബഹുദൈവ വിശ്വാസം (ശിർക്ക്) എന്നീ ഗുരുതരങ്ങളായ തെറ്റുകളിൽ നിന്നുപോലും തൗബ ചെയ്താൽ ഉപകരിക്കുമെന്ന് അഥവാ പൊറുത്തുകൊടുക്കുമെന്ന് അല്ലാഹു തന്നെ അറിയിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

قُل لِّلَّذِينَ كَفَرُوٓاْ إِن يَنتَهُواْ يُغْفَرْ لَهُم مَّا قَدْ سَلَفَ وَإِن يَعُودُواْ فَقَدْ مَضَتْ سُنَّتُ ٱلْأَوَّلِينَ ﴿٣٨﴾

''സത്യനിഷേധികളോട് നീ പറയുക! അവർ വിരമിക്കുകയാണെങ്കിൽ അവർ മുമ്പ് ചെയ്തുപോയിട്ടുള്ളത് അവർക്ക് പൊറുത്തുകൊടുക്കുന്നതാണ് എന്ന്''. (8:38)

അല്ലാഹു മൂന്നിൽ ഒരുവനാണ് (ത്രിത്വം) എന്ന് പറഞ്ഞ് അവിശ്വാസികളായവരുടെ മുമ്പിലും അല്ലാഹു തൗബയെ പരിചയപ്പെടുത്തുന്നുണ്ട്. അല്ലാഹു പറയുന്നു:

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ ثَالِثُ ثَلَـٰثَةٍ ۘ وَمَا مِنْ إِلَـٰهٍ إِلَّآ إِلَـٰهٌ وَٰحِدٌ ۚ وَإِن لَّمْ يَنتَهُوا۟ عَمَّا يَقُولُونَ لَيَمَسَّنَّ ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابٌ أَلِيمٌ ﴿٧٣﴾ أَفَلَا يَتُوبُونَ إِلَى ٱللَّهِ وَيَسْتَغْفِرُونَهُۥ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧٤﴾

''അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും. ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാ നിധിയുമത്രെ.'' (5:73,74)

നബി(ﷺ) പറഞ്ഞപോലെ പശ്ചാത്തപിക്കുന്നവരുടെ പശ്ചാത്താപം കാരണമായി അല്ലാഹു സന്തോഷിക്കുന്നതാണ്.

الله أفرح بتوبة عبده من أحدكم سقط على بعيره وقد أضله في أرض فلاة

''മരുഭൂമിയിൽ വഴി തെറ്റി യാത്രാ വാഹനവും ഭക്ഷണവും നഷ്ടപ്പെട്ട ശേഷം അവ തിരിച്ചു കിട്ടിയാൽ നിങ്ങൾക്കുണ്ടാകുന്ന സന്തോഷമെത്രയാണോ അതിനേക്കാൾ കൂടുതലായി അല്ലാഹു തന്റെ അടിമയുടെ പശ്ചാത്താപം കാരണമായി സന്തോഷിക്കുന്നതാണ്''. (ബുഖാരി, മുസ്‌ലിം)

മരണത്തിന്റെ മലക്ക് (മലക്കുൽ മൗത്ത്) ആരുടെയടുക്കലും ഏതു നിമിഷവും കടന്നു വരാം. എത്രയെത്ര സെറിബ്രൽ ത്രോംബോസിസുകളെയും (മസ്തിഷ്കത്തിൽ രക്തം കട്ട പിടിക്കുന്ന രോഗം) ഹാർട്ട് അറ്റാക്കുകളെയും വാഹനാപകടങ്ങളെയും കുറിച്ച് നാം കേട്ടതാണ്. പകലിൽ തെറ്റ് ചെയ്തയാളുടെ പശ്ചാത്താപം സ്വീകരിക്കുന്നതിനായി രാത്രിയിലും , രാത്രിയിൽ തെറ്റ് ചെയ്തയാൾ പശ്ചാത്തപിക്കുന്നതിനായി പകലിലും അല്ലാഹു തന്റെ കൈ നീട്ടിയിരിക്കുകയാണ്. റൂഹ് (ആത്മാവ്) തൊണ്ടക്കുഴിയിൽ എത്തുന്നതുവരെ അല്ലാഹു അടിമയുടെ തൗബ സ്വീകരിക്കുന്നതാണ്. അതുകൊണ്ടുതന്നെ സൂഫിചിന്താഗതികളിലകപ്പെട്ടുപോയ എല്ലാവരോടുമായി, തങ്ങളുടെ അവസ്ഥയെക്കുറിച്ച് ഏകാഗ്ര മനസ്സോടെ ഗൗരവതരമായി ചിന്തിക്കണമെന്ന് അഭ്യർഥിക്കുകയാണ്. വ്യക്തി താൽപര്യങ്ങളും മറ്റു വ്യാകുലതകളുമെല്ലാം മാറ്റിവെച്ചുകൊണ്ട്, പടച്ചവനെ കണ്ടുമുട്ടേണ്ടതുണ്ട് എന്ന ബോധത്തോടെ നിഷ്പക്ഷമായി ചിന്തിക്കുക. എന്നിട്ട് ഖുർആനിലും സുന്നത്തിലും വന്ന വിധിവിലക്കുകളും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും തമ്മിൽ താരതമ്യം നടത്തുകയും ചെയ്യുക.

***രണ്ട്***: പരിശുദ്ധമായ ഖുർആനും സുന്നത്തും നമ്മുടെ മുമ്പിലുണ്ട്. അവ പ്രിന്റ് ചെയ്തും പഠിച്ചും പഠിപ്പിച്ചും ചിന്തിച്ചും പ്രവർത്തിച്ചുമൊക്കെയായിട്ട് നാനാവിധേന അത് പ്രചരിപ്പിക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. ബിദ്അത്തിന്റെ ദിക്റുകളുടെ സ്ഥാനത്ത് ഖുർആനിൽ നിന്നും സ്ഥിരപ്പെട്ട ഹദീഥുകളിൽ നിന്നും ദിക്റുകളും ദുആകളും സ്വീകരിക്കാനും പ്രചരിപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധ ഖുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും ഗ്രഹിച്ചെടുക്കാവുന്ന ശരിയായ അഖീദ(വിശ്വാസം)യിലേക്ക് ക്ഷണിക്കുന്നതിന് സാധ്യമായ എല്ലാ മാർഗങ്ങളും നാം ഉപയോഗപ്പെടുത്തണം. പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചും മദ്റസകൾ സ്ഥാപിച്ചും അധ്യാപകരെ വാർത്തെടുത്തും ആധുനിക സൗകര്യങ്ങളും മാധ്യമങ്ങളും ഒക്കെ ഉപയോഗപ്പെടുത്തികൊണ്ട് ദഅ്‌വത്ത് സജീവമാക്കണം. അപ്രകാരം തന്നെ വ്യക്തികളുടെ കാര്യത്തിൽ- അവർ അമ്പിയാക്കന്മാരോ ഔലിയാക്കന്മാരോ ആയിരുന്നാൽ പോലും-അതിരു കവിയാൻ പാടില്ലെന്നും നാം ബോധവൽകരിക്കേണ്ടതുണ്ട്. മറിച്ച് അവർക്ക് അർഹമായ സ്ഥാനത്ത് അവരെ അവരോധിക്കുകയാണ് ചെയ്യേണ്ടത്. ഇസ്‌ലാമിക നിയമങ്ങൾക്ക് (ശരീഅത്തിന്) എതിരായ സൂഫി വേഷ-ഭൂഷാദികൾ കയ്യൊഴിക്കാനും ജനങ്ങളെ നാം ഉപദേശിക്കണം. ബർക്കത്തെടുക്കുന്ന കല്ലുകളും മരങ്ങളും നീക്കം

ചെയ്യാനും ഖബ്റുകൾക്ക് മീതെ പടുത്തുയർത്തിയിട്ടുള്ള പള്ളികളും ഖുബ്ബകളും പൊളിച്ചു മാറ്റുവാനും നാം സന്നദ്ധരാകേണ്ടതുണ്ട്. കാരണം, നബി(ﷺ) പറയുന്നു:

اشتد غَضب الله علٰى قَومٍ اتخذُوا قُبور أَنبِيائهم مساجِد

''പ്രവാചകന്മാരുടെ ഖബ്റിടങ്ങളെ ആരാധനാ സ്ഥലങ്ങളാക്കി(മസ്ജിദുകൾ)യവർക്കെതിരിൽ അല്ലാഹു ശക്തമായി കോപിച്ചിരിക്കുന്നു''.

മുസ്ലിം ഉമ്മത്തിന്റെ സ്ഥിതിഗതികൾ നന്നാക്കുവാനും വഴിതെറ്റിയവരെ നേർമാർഗത്തിലാക്കുവാനും സർവശക്തനായ അല്ലാഹുവിനോട് ഞാൻ പ്രാർഥിക്കുന്നു. സ്വന്തം തിന്മകളിൽ നിന്നും ദുഷ്പ്രവർത്തനങ്ങളിൽ നിന്നും രക്ഷിക്കുവാനും ശിർക്ക് ബിദ്അത്തുകളെയും അതിന്റെ വഴികളെയും അകറ്റിക്കളയുവാനും മുസ്ലീംകളെ സത്യമാർഗത്തിലായിക്കൊണ്ട് ഐക്യപ്പെടുത്തുവാനും അവരിലെ നേതാക്കന്മാരെ നന്നാക്കുവാനും അവരെ കൊണ്ട് ദീനിനെ സഹായിക്കുവാനും ദീനിന്റെ യശസ്സ് ഉയർത്തുവാനും അല്ലാഹുവോട് പ്രാർഥിക്കുന്നു. പ്രവാചകൻ മുഹമ്മദ് നബി(സ)യിലും അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലുമെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സദാ വർഷിക്കുമാറാകട്ടെ! (ആമീൻ)